**അനുബന്ധം**

**'മുണ്ടക്കയം-കൂട്ടിക്കൽ -ഏന്തയാർ വല്യേന്ത – വാഗമൺ റോഡ് പ്രവൃത്തി' സംബന്ധിച്ച് ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ നൽകിയ സബ്മിഷന് പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ മുഹമ്മദ് റിയാസ് ) നൽകിയ മറുപടി**

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മുണ്ടക്കയം-കൂട്ടിക്കൽ-ഏന്തയാർ-വല്യേന്ത-വാഗമൺ റോഡിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികൾക്കായി 2023-24 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലുൾപ്പെടുത്തി 12 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഉരുൾപൊട്ടൽ ബാധിത പ്രദേശമായതിനാൽ ഘട്ടം-2-ന്റെ പ്രവൃത്തികൾ ആരംഭിക്കുംമുമ്പ് ഈ ഭാഗത്ത് മണ്ണ് പരിശോധനയും ടോട്ടൽ സ്റ്റേഷൻ സർവേയും നടത്തുകയുണ്ടായി. വിശദമായ പരിശോധനയിൽ ഈ ഭാഗത്ത് നിർമ്മിക്കേണ്ട സംരക്ഷണഭിത്തിക്ക് ആഴം കൂടുതലായതിനാൽ ഡിസൈൻ ചെയ്യേണ്ടിവന്നു. ശക്തമായ വെള്ളമൊഴുക്കുള്ള ഭാഗമായതിനാൽ റോഡിന്റെ ഈടുനിൽപ്പിന് കൂടുതൽ Berm strengthening Drainage പ്രവൃത്തികളും ആവശ്യമാണ്.

മാത്രമല്ല, ചില ഭാഗങ്ങളിൽ ഉയർന്ന ഗ്രേഡിയന്റുള്ളതിനാൽ ഭാരവാഹനങ്ങൾ കയറിപ്പോവുക പ്രയാസമാകും. ഈ ഭാഗങ്ങളിൽ കൂടുതൽ സ്ഥലമെടുത്ത് Curve-ന്റെ നീളം കൂട്ടി Gradient കുറയ്ക്കേണ്ടത് വലിയ വാഹനങ്ങളുടെ യാത്രയ്ക്ക് ആവശ്യമാണെന്നും സർവേയിൽ വ്യക്തമായി. മഴക്കെടുതികൂടി ശക്തമായ സാഹചര്യത്തിൽ അനുവദിച്ച 12 കോടി രൂപ, ഈ പ്രവൃത്തിയുടെ തൃപ്തികരമായ പൂർത്തീകരണത്തിന് പര്യാപ്തമല്ലാതെ വന്നു. അതിനാൽ പ്രസ്തുത പ്രവൃത്തിയുടെ ചെയിനേജ് ചുരുക്കി പുനർനാമകരണം നടത്തി പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ PWD-G1/296/2024-PWD എന്ന ഫയലിൽ സ്വീകരിച്ചുവരികയാണ്. പ്രസ്തുത റോഡിൽ ബാക്കി വരുന്ന കി.മീ. 21/250-23/850 വരെയുള്ള ഭാഗത്ത് 2024-25 ബഡ്ജറ്റിലുൾപ്പെടുത്തി 500 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

നിലവിൽ ഇളംകാട് പാലം പൊളിച്ച് പണിയുന്നതിനാൽ ഘട്ടം II, III പ്രവൃത്തികൾക്ക് വേണ്ടി സാധന സാമഗ്രികൾ മുണ്ടക്കയം ഭാഗത്ത് നിന്ന് എത്തിക്കുന്നതിന് സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. രണ്ട്

പ്രവൃത്തികൾക്കും വാഗമൺ ഭാഗത്തുനിന്ന് മാത്രമേ മെറ്റീരിയൽസ് എത്തിക്കുവാൻ സാധിക്കുകയുള്ളൂ. അതിനാൽ 2 പ്രവൃത്തികളും ചേർന്ന് ഒറ്റ പ്രവൃത്തിയായി ചെയ്യുന്നതാണ് ഉചിതമെന്ന അഭിപ്രായം ഉദ്യോഗസ്ഥർ മുന്നോട്ടുവച്ചിട്ടുണ്ട്. ഈ രണ്ടു പ്രവൃത്തികളും ഒരുമിച്ച് സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്ത് ഒരു കോൺട്രാക്ടറുടെ കീഴിൽ പ്രവൃത്തി നടപ്പിലാക്കാനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഇത് സമയബന്ധിതമായി നടപ്പിലാക്കാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകാം.